**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6386** **10-07-2024 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി ഫിഷറീസ് കോളനിയിലെ വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷറീസ് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീട് ആക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ്; ഫയൽ നമ്പർ ഏതാണ്; വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ പരപ്പനങ്ങാടി ഫിഷറീസ് കോളനി എന്ന പേരിൽ ഫിഷറീസ് കോളനി ഇല്ല. എന്നാൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിൽ ചാപ്പപ്പടി കോളനി, ആലുങ്ങൽ ബീച്ച് കോളനി, പുത്തൻകടപ്പുറം ഫിഷറീസ് കോളനി എന്നിങ്ങനെയുള്ള ഫിഷറീസ് കോളനികളാണ് ഉള്ളത്. 2023-24 സാമ്പത്തിക വർഷം BIF HDF-ൽ ഉൾപ്പെടുത്തി ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത വീടുകളുടെ പുനർനിർമ്മാണത്തിന് അപേക്ഷ ക്ഷണിക്കുകയും ആയത് പ്രാഥമിക അന്വേഷണം കഴിഞ്ഞ് അർഹതാ മുൻഗണനാ, രേഖകൾ ഹാജരാക്കുന്നതിന് ഗുണഭോക്താകൾക്ക് നിർദ്ദേശം നൽകിയിരിക്കുകയുമാണ്. ആയത് ലഭ്യമായതിന് ശേഷം കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.<br><br>03.07.2023 ലെ തീരസദസ്സിൽ നൽകിയ നിർദ്ദേശ പ്രകാരം മേൽ കോളനികളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) താഴെ പറയും പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.<br><br>പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിലെ ചാപ്പപ്പടി ഫിഷറീസ് കോളനിയിൽ ആകെ 5 ഇരട്ട വീടുകളാണുള്ളത്.<br><br>പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 1 ൽ സ്ഥിതി ചെയ്യുന്ന ആലുങ്ങൽ ഫിഷറീസ് കോളനിയിൽ 15 ഇരട്ട വീടുകളാണുള്ളത്.<br><br>പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 31 ൽ സ്ഥിതി ചെയ്യുന്ന പുത്തൻകടപ്പുറം ഫിഷറീസ് കോളനിയിൽ 15 ഇരട്ട വീടുകളാണ് ഉള്ളത്. |

| | | | |
|---|---|---|---|
| | | | മേൽ പറഞ്ഞ 3 കോളനികളിലെയും മിക്ക വീട്ടുകളുടെയും വാതിലുകൾ തകർന്നിട്ടുള്ളതും ജനാലുകളുടെ ചില്ലുകളും മറ്റും തകർന്ന നിലയിലുമാണ് ഉള്ളത്. കൂടാതെ ചില വീട്ടുകളുടെ തറ പൊട്ടിയിട്ടുള്ളതും ഇലക്ട്രിക് പ്രവൃത്തികളിൽ പോരായ്മയുള്ളതുമാണ്. ആയതിനാൽ വീട്ടുകൾ നവീകരിക്കുന്നതിന് പകരം ഒറ്റവീട്ടുകൾ നിർമ്മിക്കുന്നതാണ് ഉചിതം എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.<br><br>കെ.എസ്.സി.എ.ഡി.സി-യുടെ മേൽ റിപ്പോർട്ട് ഫിഷറീസ് ഡയറക്ടർ ഓഫീസിൽ നിന്നും റിപ്പോർട്ടിനായി മലപ്പുറം ജില്ല ഫിഷറീസ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിന്മേൽ എഫ്1671/23 ഫയൽ നമ്പർ പ്രകാരം മലപ്പുറം ജില്ലയിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനാൽ ഫയൽ നിലവിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം ഓഫീസിലാണ്.<br><br>കോളനികളിൽ താമസിക്കുന്നവരിൽ പട്ടയം ഉള്ളവരും പട്ടയം തലമുറകളായി കൈമാറ്റം ചെയ്ത് ലഭിച്ചവരും പട്ടയം ഉള്ളവരിൽ നിന്ന് സ്ഥലം വാങ്ങി വീട് വെച്ച് താമസിക്കുന്നവരും ഉൾപ്പെടും. പട്ടയം ഇല്ലാത്തവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത കോളനിയിൽ എത്ര ഇരട്ട വീട്ടുകൾ ആണുള്ളത്; ഓരോന്നിന്റെയും ഭൂമിയുടെ അളവുകൾ സഹിതം വിശദമാക്കാമോ; | (ബി) | പുത്തൻകടപ്പുറം- 15 ഇരട്ടവീട്ടുകളും, ചാപ്പപ്പടി -5 ഇരട്ടവീട്ടുകളും, ആല്യങ്ങൽ ബീച്ച്-15 ഇരട്ടവീട്ടുകളും ആണുള്ളത്. ഓരോന്നിന്റെയും ഭൂമിയുടെ അളവുകൾ തിട്ടപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ് സർവ്വേ നടത്തേണ്ടതുണ്ട്. ആയതിന് ഫിഷറീസ് ഡയറക്ടർ റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഇരട്ട വീട്ടുകൾ ഒറ്റ വീടാക്കി മാറ്റുന്നതിനുള്ള സ്ഥലസൗകര്യം ഇവിടെ ഉണ്ടോ; ഉണ്ടെങ്കിൽ ഈ ഇരട്ട വീട്ടുകൾ ഒറ്റ വീട്ടുകൾ ആക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ? | (സി) | പുത്തൻകടപ്പുറം- 15 ഇരട്ടവീട്ടുകളും, ചാപ്പപ്പടി -5 ഇരട്ടവീട്ടുകളും, ആല്യങ്ങൽ ബീച്ച്-15 ഇരട്ടവീട്ടുകളും ആണുള്ളത്. ഓരോന്നിന്റെയും ഭൂമിയുടെ അളവുകൾ തിട്ടപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ് സർവ്വേ നടത്തേണ്ടതുണ്ട്. ആയതിന് ഫിഷറീസ് ഡയറക്ടർ റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ